## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 347 26.06.2012 -ലെ മറുപടി

<u>അന്തർസംസ്ഥാന സർവ്വീസുകൾ</u>

ചോദ്യം ഉത്തരം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
" കെ. മുരളീധരൻ :
" റ്റി. എൻ. പ്രതാപൻ :
" കെ. ശിവദാസൻ നായർ :

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുതുതായി അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | (എ) യും (ബി) യും | തമിഴ്നാടുമായി പുതിയ ഒരു അന്തർ സംസ്ഥാന സപ്ലിമെന്ററി കരാറിൽ ഏർപ്പെടുന്നതിലേക്കുള്ള നടപടിക്രമങ്ങളുടെ ഭാഗമായി തമിഴ്നാട്ടിലെ സ്റ്റേറ്റ് എക്സ്പ്രസ്സ് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി പ്രാരംഭ ചർച്ചകൾ കെ.എസ്.ആർ.ടി.സി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പുതിയ അന്തർസംസ്ഥാന കരാറിന് രൂപം നൽകിയിട്ടുണ്ടോയെന്ന് പറയാമോ; | | |
| (സി) | എങ്കിൽ പ്രസ്തുത കരാർ ഒപ്പിടുന്നത് സംബന്ധിച്ച ചർച്ചകൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (സി) | തുടർ ചർച്ചകൾ നടത്തുന്നതിലേക്കായി കെ.എസ്.ആർ.ടി.സി. തമിഴ്നാട്ടിലെ സ്റ്റേറ്റ് എക്സ്പ്രസ്സ് ട്രാൻസ്പോർട്ട് കോർപ്പറേഷന് 01.06.2012 -ൽ കത്ത് അയച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സർവ്വീസുകൾ എന്ന് തുടങ്ങാനാകുമെന്നാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | അന്തർ സംസ്ഥാന സപ്ലിമെന്ററി കരാർ ഒപ്പു വച്ചതിനുശേഷം മാത്രമെ പെർമിറ്റ് എടുത്ത് പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ